⇨ തുറമുഖം വരുമ്പോൾ ഇതിൽക്കൂടുതൽ കടൽ കയറാൻ സാധ്യതയുണ്ട് ⇨

## വിഴിഞ്ഞം പദ്ധതിയുടെ ഇരകൾ പറയുന്നു...

വികസനവാദങ്ങൾ ഊതിനിറച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ മറുവശങ്ങൾ...
കേരളീയം ഫോളോഅപ്

**മേരി**
**(മത്സ്യവിപണന തൊഴിലാളി)**
വിഴിഞ്ഞം പദ്ധതി വന്നാൽ ഞങ്ങൾക്കിവിടെ കിടന്നുറങ്ങാൻ കഴിയുമെന്ന് തോന്നുന്നില്ല. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് വലിയ പാക്കേജ് തരുമെന്നെല്ലാം ഇപ്പോൾ പറയുന്നുണ്ട്. എന്നാൽ പദ്ധതി വന്നുകഴിഞ്ഞാൽ അതൊന്നും ഉണ്ടാകുമെന്ന് തോന്നുന്നില്ല. കടലുതന്നെയാണ് ഞങ്ങളുടെ ഉപജീവനമാർഗ്ഗം. അതുകൊണ്ടുതന്നെ ഇവിടെ നിന്നും തമാസം മാറിപ്പോകാൻ ഞങ്ങൾക്ക് കഴിയില്ല. വിഴിഞ്ഞത്ത് ഇപ്പോഴുള്ള ഹാർബർ വന്നതുകൊണ്ടുതന്നെ ഞങ്ങൾ പൂന്തുറക്കാർക്ക് കുറേ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതുവന്നതു മുതൽ കടലുകയറാൻ തുടങ്ങിയതാണ്. ഞങ്ങളുടെ കുട്ടിക്കാലത്തുണ്ടായിരുന്ന തീരമൊന്നും ഇന്ന് കാണാൻ പോലുമില്ല. പണ്ട് ഞങ്ങൾ കളിച്ചു നടന്നിരുന്ന കാലത്ത് ഇവിടെ വലിയ മണൽപ്പരപ്പും അതിനിടയിൽ ചെറിയ കുളങ്ങളുമുണ്ടായിരുന്നു. ഇപ്പോ കടല് വീട്ടിന്റെ അടുത്തുവരെയെത്തി.

# ജീവിതം കടലെടുക്കാതിരിക്കാൻ ഞങ്ങൾ ചെറുത്തുനിൽക്കും

കേരളത്തിൽ പുലിമുട്ട് നിർമ്മിക്കുന്ന തീരങ്ങൾക്ക് വടക്കുഭാഗത്തായി പൊതുവായി കാണുന്ന തീരശോഷണം (erostion) എന്ന പാരിസ്ഥിതിക പ്രതിഭാസത്തിന് ഇപ്പോൾ തന്നെ ഇരകളാണ് തിരുവനന്തപുരം ജില്ലയിലെ പൂന്തുറ നിവാസികൾ. വിഴിഞ്ഞത്ത് ഹാർബർ നിർമ്മിക്കുന്നതിനായി പുലിമുട്ട് നിർമ്മിച്ച കാലം മുതൽ കടലുകയറിത്തുടങ്ങിയതാണ് പൂന്തുറയിൽ. ഇപ്പോൾ അതിലും വലിയ പുലിമുട്ടുമായി അന്താരാഷ്ട്ര തുറമുഖമെത്തുമ്പോൾ പൂന്തുറയിൽ പ്രതിഷേധം ഉയരുകയാണ്.

■ **പൂന്തുറ നിവാസികൾ**

(സന്തോഷ് കുമാറിനോട് സംസാരിച്ചത്)

ഒരു കിലോമീറ്ററെങ്കിലും കടലുകയറിക്കാണും. മത്സ്യബന്ധന തുറമുഖം പോലെ ഒരു ചെറിയ തുറമുഖം വന്നപ്പോൾ ഇത്രയും കടലുകയറിയെങ്കിൽ വിഴിഞ്ഞത്ത് അന്താരാഷ്ട്ര തുറമുഖം വരുമ്പോൾ ഇതിൽക്കൂടുതൽ കടൽ കയറാൻ സാധ്യതയുണ്ട്.

ഞങ്ങളെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുന്നതിനെല്ലാം കുറേ ഉദ്യോഗസ്ഥർ ഇവിടെ വന്നിരുന്നു. ഞങ്ങളുടെ മക്കളെല്ലാം പഠിച്ച് വലുതായിക്കഴിഞ്ഞാൽ അവർക്കൊരു ജോലിവേണ്ടേ. അതുകൊണ്ട് അന്താരാഷ്ട്ര തുറമുഖത്തെ അംഗീകരിക്കണമെന്നാണ് അവർ പറയുന്നത്. തുറമുഖം വരുന്നത് കണ്ടിട്ടൊന്നുമല്ല ഞങ്ങൾ ഞങ്ങളുടെ കുട്ടികളെ പള്ളിക്കൂടത്തിൽച്ചേർത്തത്. അന്താരാഷ്ട്ര തുറമുഖമെല്ലാം പിന്നീട് വന്നതല്ലേ. ഇനി തുറമുഖം വന്നാലും ജോലി കിട്ടുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് പ്രതീക്ഷയൊന്നുമില്ല. പുനരധിവാസം നൽകുമെന്ന് പറയുന്നതല്ലാതെ എവിടെയാണ് പാർപ്പിടം തരുന്നെന്ന കാര്യമൊന്നും ഇപ്പോഴും വ്യക്തമാക്കിയിട്ടില്ല. പത്ത് വർഷമായിട്ട് ഞാൻ മീൻ കച്ചവടത്തിന് പോകുന്നുണ്ട്. ഇവിടെ മീൻ വരാത്ത ദിവസം വിഴിഞ്ഞത്ത് പോയാണ് മീനെടുക്കുന്നത്. വിഴിഞ്ഞത്തുകാരെല്ലാം വലിയ വികസനം വരുമെന്ന പ്രതീക്ഷയിലാണ്. ഞങ്ങളു പറയുന്നതൊന്നും അവരു കേൾക്കാൻ തയ്യാറല്ല. ഒരിക്കൽ ചാനലുകാർ വിഴിഞ്ഞത്ത് വന്നപ്പോൾ ഞങ്ങൾ കുറേ പ്രശ്നങ്ങൾ പറയാൻ പോയിരുന്നു. പക്ഷെ വിഴിഞ്ഞത്തുകാർ ഞങ്ങളെ സംസാരിക്കാൻ അനുവദിച്ചില്ല. പൂന്തുറയിലുള്ളവർ ഇക്കാര്യത്തിൽ സംസാരിക്കാൻ

വരേണ്ടതില്ല എന്നായിരുന്നു അവരുടെ പക്ഷം. അവരുടെ മക്കൾക്കെല്ലാം തുറമുഖത്ത് ജോലി കിട്ടുമെന്ന പ്രതീക്ഷയിലാണവർ. അന്താരാഷ്ട്ര തുറമുഖം വന്നാൽ എല്ലാവർക്കും ജോലി കിട്ടുമെന്ന് പറയുന്നത് സത്യമാണോ? നാടില്ലാതായിട്ട് പിന്നെ ജോലി കിട്ടിയിട്ട് എന്താ കാര്യം? ഇതിനെതിരെ സമരം ഉയർന്നുവരുകയാണെങ്കിൽ ഞങ്ങള് മുന്നിൽത്തന്നെയുണ്ടാകും. ഐ.എസ്.ആർ.ഒയ്ക്ക് വേണ്ടി സ്ഥലം കൊടുത്തതിനെ തുടർന്ന് ഒഴിപ്പിക്കപ്പെട്ട പലരും പൂന്തുറയിലുണ്ട്. അവർക്ക് ഇപ്പോഴും ഭൂമി പതിച്ചുകൊടുത്തിട്ടില്ല. അങ്ങനെയൊരു സ്ഥിതി ഇനിയുമുണ്ടാകരുത്.

**ജയൻ (മത്സ്യതൊഴിലാളി)**

1978ലാണ് വിഴിഞ്ഞത്ത് തിരിയുടെ പ്രശ്നമില്ലാതെ മത്സ്യബന്ധന ബോട്ടുകൾക്ക് ലാൻഡ് ചെയ്യുന്നതിനായി 400 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നത്. അതിന് ശേഷമാണ് ഞങ്ങളുടെ കടപ്പുറത്തിന്റെ നീളം കുറഞ്ഞുവന്നത്. എതാണ്ട് 300 മീറ്ററോളം കടലെടുത്ത് പോയതിന് ശേഷമുള്ള സ്ഥലത്താണ് ഇപ്പോൾ നമ്മൾ നിൽക്കുന്നത്. വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ വന്നിട്ട് 35 വർഷത്തിനുള്ളിലുണ്ടായ നഷ്ടമാണിത്. മൂന്ന് തവണ വീടുകൾ പുറകോട്ട് മാറ്റിവച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ തെക്കുഭാഗത്ത് പുല്ലുവിള, അടിമലത്തുറ, പൂവാർ തുടങ്ങിയ സ്ഥലങ്ങളിൽ തീരം വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെയൊരു അവസ്ഥയുള്ളപ്പോഴാണ് നാല് കിലോമീറ്റർ നീളത്തിൽ അന്താരാഷ്ട്ര തുറമുഖത്തിന് പുലിമുട്ട് നിർമ്മിക്കാൻ പോകുന്നത്. അതോടെ പൂന്തുറ, പനത്തുറ തുടങ്ങിയ ഗ്രാമങ്ങളെല്ലാം ഇല്ലാതെയാകും. കടൽക്ഷോഭമാണിതെന്നാണ് സർക്കാർ പറയുന്നത്. വാർത്തകളും അങ്ങനെയാണ് വരുന്നത്. എന്തുകൊണ്ടാണ് ഇവിടെ മാത്രം ഇത്ര കടൽക്ഷോഭം എന്നതിന് മറുപടിയൊന്നും അവർക്കില്ല.

ഏകദേശം 25000 ആളുകൾ താമസിക്കുന്ന ഗ്രാമമാണിത്. ഇവരെല്ലാം എങ്ങോട്ട് പോകും? കടൽക്ഷോഭം എന്ന് പറയുന്നത് ഇതൊന്നുമല്ല. മഴക്കാലത്ത് കടല് കുറച്ച് കരയെടുത്തോണ്ട്പോവുകയും മഴ കഴിയുന്നതോടെ കരവയ്ക്കുകയും ചെയ്യാറുണ്ട്. എന്നാൽ പൂന്തുറയിൽ നടക്കുന്നത് അതൊന്നുമല്ല. വിഴിഞ്ഞത്തിന്റെ പരിസ്ഥിതി പഠന റിപ്പോർട്ടൊന്നും ഈ വിഷയം കൃത്യമായി പറയുന്നില്ല. വിഴിഞ്ഞം, പുല്ലൂർ തുടങ്ങിയ ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളെ മാത്രമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പുനരധിവസിപ്പിക്കുന്നത്. എന്നാൽ പദ്ധതി വന്നാൽ കാര്യമായിട്ട് പ്രശ്നമുണ്ടാകാൻ പോകുന്ന പൂന്തുറ, പനത്തുറ പ്രദേശത്തെ ജനങ്ങൾ പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ടിട്ടില്ല. പൂന്തുറയെ പദ്ധതി ബാധിത പ്രദേശമായി ഉൾപ്പെടുത്താൻ കഴിയില്ലെന്നാണ് ഒടുവിൽ നടന്ന ചർച്ചയിലും മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്.

**ജിജി (വീട്ടമ്മ), മേരി ജോൺ (വീട്ടമ്മ)**

തീരം വിട്ട് വേറെ ഒരു നാട്ടിലോട്ടും പോകാൻ ഞങ്ങൾക്ക് കഴിയൂല്ല. കാശ് തന്ന് ഒഴിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കേണ്ട. കടലുകയറിയാൽ വേറെ എങ്ങോട്ടും പോകാൻ ഞങ്ങൾക്ക് കഴിയില്ല. ഈ കാണുന്ന വീടുമാത്രമാണ് ആകെയുള്ളത്. വേറെയെങ്ങും സ്ഥലം വാങ്ങിച്ചിട്ടില്ല. ഈ രീതിയിൽ കടലുകയറിവന്നാൽ എന്തുചെയ്യണമെന്ന് അറിയാൻ വയ്യ. വലിയ ആശങ്കയുണ്ട്. കടലിൽ കല്ലിടുന്നതുകൊണ്ട് ഒരു പരിഹാരമില്ല. മത്സ്യതൊഴിലാളികളായ ഞങ്ങളുടെ നാട്ടിലെ പുരുഷന്മാർക്ക് കടലിൽ വള്ളമിറക്കാൻ കഴിയാത്ത സ്ഥിതിയാണ് ഈ കല്ലുകൾ കാരണമുണ്ടായിരിക്കുന്നത്. തീരമുള്ള സ്ഥലം നോക്കി ഒരുപാട് ദൂരെപ്പോയാണ് ഇപ്പോൾ വള്ളമിറക്കുന്നത്. അല്ലെങ്കിൽത്തന്നെ കടലിൽ മീൻ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വീട്ടുജോലിക്കെല്ലാം പോയാണ് ഇപ്പോൾ ഞങ്ങള് പെണ്ണുകൾ പലരും ജീവിച്ചുപോകുന്നത്. ഇനിയും ഞങ്ങളെ ദുരിതത്തിലാക്കാൻ പോകുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി ഉപേക്ഷിക്കുകയാണ് വേണ്ടത്. അതിനായി ഞങ്ങൾ സമരം ചെയ്യും. പുനരധിവാസ പാക്കേജ് എന്ന പരിപാടിയേ ഞങ്ങൾക്കുവേണ്ട. ലത്തീൻ രൂപത നടത്തുന്ന സമരത്തിൽ അവർ അങ്ങനെയൊരു സംഗതി പറയുന്നുണ്ട്. അതുവേണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. ചെങ്ങറ സമരത്തിൽ പങ്കെടുത്ത് പുനരധിവാസ പാക്കേജ് ലഭിച്ചവർ എത്ര ദിവസമാണ് സെക്രട്ടേറിയറ്റിന്റെ പടിക്കല് സമരം ചെയ്തത്. 700 ദിവസമെന്തോ കഴിഞ്ഞു അവർ കിടക്കാൻ തുടങ്ങിയിട്ട് എന്നാണ് അടുത്തിടെ അതുവഴി ബസിൽ പോകുമ്പോൾ കണ്ടത്. അതുകൊണ്ട് പാക്കേജ് വേണ്ട, പദ്ധതി തന്നെ വേണ്ടെന്ന് വയ്ക്കണം. അങ്ങനെയൊരു സമരം വരുകയാണെങ്കിൽ ഞങ്ങൾ അതിനെ പിന്തുണയ്ക്കും. ഈ നാട്ടിലെ സംസ്കാരത്തിലാണ് ഞങ്ങളുടെ മക്കൾ വളർന്നത്. ഇനിയും അങ്ങനെത്തന്നെ വേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. വിഴിഞ്ഞം തുറമുഖം വന്നാൽ എല്ലാവർക്കും ജോലി കിട്ടുമെന്നാണ് പറയുന്നത്. തുറമുഖം പോലുള്ള ഒരു സ്ഥലത്ത് ഞങ്ങളെപ്പോലുള്ളവർക്ക് എന്ത് ജോലിയാണ് കിട്ടുന്നത്? അതുമായി ബന്ധപ്പെട്ട ഒരു ജോലിയും ഞങ്ങൾക്ക് അറിയില്ല.

വീട്ടുജോലിക്ക് പോയുണ്ടാക്കിയ കാശുകൊണ്ട് ലക്ഷങ്ങൾ മുടക്കിയുണ്ടാക്കിയ വീടാ

*⇨ അവിടെ സർക്കാറ് കൊടുത്ത വീടുകള് അവര് പൂട്ടിയിട്ടിരിക്കുകയാണ് ⇨*



കടലെടുത്തുകൊണ്ടിരിക്കുന്ന പൂന്തുറ. കടൽഭിത്തിയും തകർത്ത് കയറുന്ന കടൽ. *ഫോട്ടോ: സന്തോഷ്*

ണിത്. അതും ഒന്നരസെന്റ് സ്ഥലത്ത്. അതെങ്ങാണം കടലെടുത്തുപോയാൽ ഞങ്ങക്ക് സഹിക്കാൻപറ്റൂല്ല. അതുകൊണ്ട് പാക്കേജൊന്നും ഞങ്ങക്ക് വേണ്ട. പള്ളീലച്ചനോട് ഞങ്ങളീക്കാര്യം പറഞ്ഞിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കെതിരായി സെക്രട്ടേറിയറ്റിന് മുന്നിൽ സഭയുടെ നേതൃത്വത്തിൽ സമരം നടന്നപ്പോൾ പൂന്തുറയിൽ നിന്നുള്ള 90 ശതമാനം സ്ത്രീകളും പങ്കെടുത്തിരുന്നു. അത്രയ്ക്ക് ജനരോഷമുണ്ട് ഇവിടെ. മൂന്നാറിലെല്ലാം സ്ത്രീകളുടെ സമരം നടന്നത് കണ്ടില്ലേ. അതുപോലെ ഇവിടെയും വേണ്ടിവരുമെന്നാണ് തോന്നുന്നത്. അതിനേക്കാളും ശൗര്യമുള്ള സ്ത്രീകളാണ് പൂന്തുറയിലുള്ളത്. അതുപോലെ ശക്തമായി ഞങ്ങൾ ഇതിനെ എതിർക്കും. വിഴിഞ്ഞത്തുകാർക്ക് കാര്യം മനസ്സിലാകാത്തതുകൊണ്ടാണ് അവർ പദ്ധതിക്ക് അനുകൂലമായി നിൽക്കുന്നത്.

കൊച്ചുന്നാളില് ഞങ്ങടെ വീട്ടീന്ന് എത്ര നടന്നാലും കടപ്പുറത്ത് എത്തില്ലായിരുന്നു. ഞങ്ങള് വലുതായതോടെ കടല് ഇങ്ങോട്ട് കയറിവരാൻ തുടങ്ങി. വീടുകളൊക്കെ പോകാൻ തൊടങ്ങി. പൂന്തുറയിലെ മത്സ്യത്തൊഴിലാളികളുടെ ഇടയിൽ നിന്നും കുറേച്ചെ പിരിച്ചെടുത്ത പണം കൊണ്ട് പള്ളി വാങ്ങിത്തന്ന സ്ഥലത്താണ് പിന്നീട് പലരും വീടുവച്ചത്. അതല്ലാതെ കടലുകയറി സ്ഥലം നഷ്ടമായവർക്ക് പകരം സ്ഥലം കണ്ടെത്താനൊന്നും സർക്കാർ തയ്യാറായിട്ടില്ല. പള്ളി കൊടുത്ത സ്ഥലത്ത് വീടുവയ്ക്കാനുള്ള തുക മാത്രമാണ് സർക്കാർ നൽകിയത്. അങ്ങനെ ഞങ്ങൾക്കുണ്ടായിരുന്ന ഭൂമിയുടെ അളവ് ചുരുങ്ങി. വീടുവയ്ക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് ഒരു വീട്ടിൽത്തന്നെ ഒരുപാട് കുടുംബങ്ങളാണ് ഇപ്പോൾ ഇവിടെ കഴിയുന്നത്. കടലീ കല്ലിട്ടതുകൊണ്ട് ഒരുപയോഗവുമില്ല. തിരവന്ന് അടീന്ന് മണ്ണുമാന്തിയെടുത്ത് പോകുന്നതോടെ കല്ലുകള് കടലിലേക്ക് തന്നെ മറിഞ്ഞുവീഴുകയാണ്. വേറെ സജ്ജീകരണങ്ങളാണ് ഇനി ചെയ്യേണ്ടത്. തീരവും പോയി കല്ലും പോയി എന്നതാണ് സ്ഥിതി. കടല് പാറകളെ മുഴുവൻ അടിലോട്ട് വലിക്കും. അതോടെ കടലിലിറങ്ങാൻ പറ്റാത്ത സ്ഥിതിയായി. കടലുകയറിയതുകൊണ്ട് കുറേപ്പേരെ ശംഖുമുഖത്തോട്ട് മാറ്റിതാമസിപ്പിച്ചിട്ടുണ്ട്. അവിടെ അവർക്ക് പണിയൊന്നുമില്ല. അതുകൊണ്ട് ഇവിടെത്തന്നെ വന്ന് ബന്ധുക്കടെ വീട്ടിൽ താമസിച്ച് കടൽപ്പണി ചെയ്താണ് അവർ ഇപ്പോൾ ജീവിക്കുന്നത്. അവിടെ സർക്കാറ് കൊടുത്ത വീടുകള് അവര് പൂട്ടിയിട്ടിരിക്കുകയാണ്. ഇങ്ങനെ പോയാൽ ഞങ്ങടെ സ്ഥിതിയും അതാകും.

**സെബാസ്റ്റ്യൻ (മത്സ്യത്തൊഴിലാളി)**

ഞാൻ കടലിലും കായലിലും പോയി മീൻപിടിച്ചാണ് ജീവിക്കുന്നത്. കപ്പല് ഹാർബർ വരുന്നതോടെ ഇവിടെ ജീവിക്കാൻ പറ്റാതെയാകും. തീരമെല്ലാം കടലെടുത്ത് പോകും. അതോടെ വള്ളമിറക്കാൻ പറ്റാത്ത സ്ഥിതിയാകും. ബിഷപ്പെല്ലാം ശക്തമായ നിലപാടെടുക്കുമെന്നാണ് ഞങ്ങള് പ്രതീക്ഷിക്കുന്നത്. എന്നാൽ സർക്കാർ ചർച്ചയ്ക്ക് വിളിക്കുമ്പോ സഭ സർക്കാർ പറയുന്നതുപോലെ കേൾക്കുന്ന സ്ഥിതിയാണ് ഇന്ന് കാണുന്നത്. മത്സ്യത്തൊഴിലാളികള് തന്നെ സമരത്തിലേക്ക് പോകേണ്ട സ്ഥിതിയാണ്. കാരണം തുറമുഖം വന്നതുകൊണ്ട് അവിടെയൊന്നും ഞങ്ങൾക്ക് ജോലി കിട്ടാൻ സാധ്യതയില്ല. പുറം നാട്ടുകാർക്ക് തന്നെയായിരിക്കും കൂടുതൽ ജോലി. ഐ.എസ്.ആർ.ഒയ്ക്ക് സ്ഥലം വിട്ടുകൊടുത്തപ്പോഴും അതുതന്നെയാണ് സംഭവിച്ചത്. മത്സ്യത്തൊഴിലാളിൽ സമരം ചെയ്ത് വിഴിഞ്ഞം പദ്ധതി തടയേണ്ട ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ■